# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഗായക സംഘം
## പ്രവർത്തന രൂപരേഖ

1. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധന, ലോകത്തിൽ ഇപ്പോൾ നിലവിലുള്ള ക്രൈസ്തവ ആരാധനാ സംവിധാനങ്ങളിൽ മികവുറ്റതും, സഭയുടെ ജീവന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാമത്തേതുമാണ്.

2. സംഗീതം ആരാധനയുടെ പ്രധാന ഘടകവും പ. സഭയുടെ ആരാധനാസംഗീതം സൃഷ്ടിമുഴുവന്റെയും രക്ഷയുടെ പൂർണ്ണാനുഭവം ലക്ഷ്യമാക്കിക്കൊണ്ട് സഭാ പിതാക്കന്മാർ രൂപപ്പെടുത്തി തലമുറകളിലേക്ക് പകർന്ന് നൽകിയിട്ടുള്ളതുമാണ്.

3. പ. സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾക്കും ആദ്ധ്യാത്മീകതയ്ക്കും ഭംഗമുണ്ടാക്കാതെ ആരാധനാ സംവിധാനങ്ങളും രീതികളും സംഗീതവും കാലാനുസൃതമായി ചിട്ടപ്പെടുത്തുവാനുള്ള അനുവാദവും സഭാ പാരമ്പര്യം നൽകുന്നുണ്ട്.

## A. ഇടവക ഗായക സംഘങ്ങൾ

4. സഭാ ഗായക സംഘം എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്, സഭയിലെ എല്ലാ ഇടവകകളിലും സഭയുടെ വിവിധ ആരാധനാ മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ വിശ്വാസികൾക്ക് ആരാധനയിലുള്ള പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്ന നേതൃഗായകസംഘങ്ങളെയാണ്. വികാരിമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ഗായകസംഘങ്ങളുടെ പരിപൂർണ്ണ നിയന്ത്രണം വികാരിമാരിൽ നിക്ഷിപ്തമായിരിക്കും. കാർമ്മികരമായ വൈദികഗണത്തിനു പിന്നിൽ വിശ്വാസികളെ മുഴുവനും അണിനിരത്തി പൂർണ്ണമായ പങ്കാളിത്തത്തോടെ സംഘാരാധനയ്ക്കു നേതൃത്വം നൽകുവാൻ കഴിയുന്ന ആരാധനാ ഗായകസംഘങ്ങൾ, വികാരിമാരുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും എല്ലാ ഇടവകകളിലും ഉണ്ടാകുന്നത് നല്ലതായിരിക്കും.

6. ഒരിടവകയിൽ ഒന്നിലധികം ക്രമീകൃത ആരാധനാലയങ്ങൾ ഉണ്ടെങ്കിൽ അവിടങ്ങളിലും ഗായകസംഘങ്ങൾ ഇടവകവികാരിയുടെ പൂർണ്ണനിയന്ത്രണത്തിലും ചുമതലയിലും ഉണ്ടായിരിക്കാവുന്നതാണ്.

7. സ്ത്രീകളും പുരുഷന്മാരുമായി അഞ്ചിൽ കുറയാത്ത അംഗങ്ങൾ ആരാധനാ ഗായകസംഘങ്ങളിൽ ഉണ്ടായിരിക്കണം.

8. സംഗീതവാസനയുള്ളവരും, വാക്യം-പ്രതിവാക്യങ്ങൾ, പ്രാർത്ഥനകൾ എന്നിവ ചിട്ടയായും വ്യക്തമായും ചൊല്ലുവാൻ കഴിയുന്നവരും, സൽസ്വഭാവികളും, ആരാധനയിൽ നിഷ്ഠയോടെ സംബന്ധിക്കുന്നവരുമായ ഇടവകാംഗങ്ങൾ ഗായകസംഘങ്ങളായിരിക്കാവുന്നതാണ്.

9. സംഗീതങ്ങളും പ്രാർത്ഥനകളും സംഘമായിത്തന്നെ ചൊല്ലുവാൻ തക്ക ശബ്ദസംവിധാനങ്ങൾ ഇടവകകളിൽ ക്രമീകരിക്കേണ്ടതും, ആരാധനാസംഗീതത്തിന്റെ താളം നിലനിർത്തുവാൻ പ്രയോജനപ്പെടുന്ന ഒരു സംഗീതോപകരണം (ഓർഗൺ) മാത്രം ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതുമാണ്.

10. പ്രധാന കാർമ്മികന്റെ pitch, ശബ്ദം എന്നിവ മനസ്സിലാക്കി, ആരാധനാ സംഗീതത്തിന് നേതൃത്വം നൽകുവാൻ ഗായകസംഘങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, ആരാധനാ സമയത്ത് അതിനായി തയ്യാറാക്കപ്പെട്ടതും സഭ അനുവദിച്ചു നൽകിയിരിക്കുന്നതും ആയ ഗാനങ്ങളല്ലാതെ മറ്റ് സുവിശേഷ ഗാനങ്ങളോ തത്തുല്യ ഗാനങ്ങളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

11. ഇടവക ഗായകസംഘത്തിന്റെ വരവു-ചിലവു കണക്കുകൾ ഇടവകയുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും, വികാരിയുടെ അറിവോടും അംഗീകാരത്തോടും അത് വിനിയോഗിക്കുകയും വേണം.